"ഭരണഭാഷ –മാതൃഭാഷ"

നമ്പർ :ICDS/B2/6341/20

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ : directorate.wcd@kerala.gov.in
തീയതി :

# പരിപത്രം

വിഷയം : വനിത ശിശുവികസന വകുപ്പ് - ICDS - പ്രീ-സ്കൂൾ ആക്ടിവിറ്റീസ് തീം റെക്കോഡ് ചെയ്യുന്നത് – തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1) 8/5/2020-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ICDS/B2/6541/2020-ാം നമ്പർ പരിപത്രം.

2) 3/7/2020 ലെ ബഹു. ഡയറക്ടറുടെ Zoom meeting ലെ നിർദ്ദേശം.

കോവിഡ് 19 വൈറസ് വ്യാപനത്തെ തുടർന്ന് സംസ്ഥാനത്തെ അങ്കണവാടികളിൽ വന്നിരുന്ന കുട്ടികൾക്ക് പ്രീ-സ്കൂൾ സേവനം ലഭിയ്ക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയത് പരിഹരിക്കുന്നതിന് അങ്കണവാടി പ്രവർത്തകർ വഴി പ്രീ-സ്കൂൾ ആക്ടിവിറ്റീസ് ഓൺലൈൻ ആയി അവരുടെ വീട്ടിൽ എത്തിക്കുന്നതിന് വീഡിയോ തയ്യാറാക്കാൻ തീരുമാനിക്കുകയും പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. ടി സാഹചര്യത്തിൽ പ്രസ്തുത വീഡിയോ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരം നിർദ്ദേശങ്ങൾ കൂടാതെ 1/7/2020 മുതൽ വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം ചെയ്യുന്ന **കിളിക്കൊഞ്ചൽ** എന്ന പരിപാടിയെക്കുറിച്ച് feed back ലഭിച്ചതനുസരിച്ചുള്ള താഴെപറയുന്ന അധിക മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- ഒരു തീമിലെ 25 ആക്ടിവിറ്റീസ് ചെയ്യുവാൻ സ്വതസിദ്ധമായ ശൈലിയിൽ പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ ചെയ്യുവാൻ അങ്കണവാടി പ്രവർത്തകരേയും, പ്രോഗ്രാം ഓഫീസർ ഉൾപ്പെടെ അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ 3 ജില്ല ECCE അംഗങ്ങളേയും video shooting നായി നിയോഗിക്കേണ്ടതാണ്.
- ജില്ലയിൽ നിന്നും തയ്യാറാക്കി കൊണ്ടുവന്ന തീമിൽ മാറ്റങ്ങൾ വരുത്തുവാൻ State level കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും.
- വികാസ മേഖലകൾ എല്ലാംതന്നെ PO / CDPO / Supervisor അവതരിപ്പിക്കേണ്ടതാണ്.

- ഒരു ദിവസം രണ്ട്, മൂന്ന് ആക്റ്റിവിറ്റി എന്ന കണക്കിൽ ഓരോന്നിനും പരമാവധി 8 മിനിറ്റ് വീതവും തുടർന്ന് Supervisor / CDPO/ PO വികാസ മേഖലകളെക്കുറിച്ച് അടുത്ത ദിവസത്തേയ്ക്ക് ചെയ്യേണ്ട പ്രവർത്തനങ്ങൾ രക്ഷകർത്താവ് നടത്തേണ്ട മുൻ ഒരുക്കത്തെക്കുറിച്ച് 2 മിനിറ്റ് ദൈർഘ്യത്തിൽ അവതരിപ്പിക്കേണ്ടതാണ്.
- മറ്റ് ജില്ലകളിൽ നിന്നും വീഡിയോ ഷൂട്ടിംഗിനായി എത്തുന്നവർ 2 ദിവസം മുമ്പ് ഇവിടെ എത്തിച്ചേരേണ്ടതും, State Co-ordination Team, C-Dit എന്നിവരുടെ മുമ്പാകെ തീം അവതരണം നടത്തി ആവശ്യാനുസരണമുള്ള മാറ്റങ്ങൾ വരുത്തേണ്ടതാണ്. (ഓരോ theme shooting ന് മുമ്പ് 1 ദിവസത്തെ rehersal).
- തീം അവതരണത്തിനുള്ള teaching aids / learning materials മികച്ച നിലവാരത്തിലുള്ളതാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- ചിത്രങ്ങൾ computer print ആണ് എടുക്കുന്നതെങ്കിൽ mat finish ആണെന്ന് ഉറപ്പ് വരുത്തണം.
- ഇതോടൊപ്പം തന്നിട്ടുള്ള മാതൃക പ്രകാരം പ്രതിദിന time table തയ്യാറാക്കി അയക്കുകയും അതിന്റെ 2 കോപ്പി കൊണ്ടുവരേണ്ടതുമാണ്.
- പ്രതിദിന ലിസ്റ്റ് അനുസരിച്ച് തീം അവതരണം നടത്തുന്ന എല്ലാ അങ്കണവാടി പ്രവർത്തകരുടേയും പേര് (initial ഉൾപ്പെടെ), designation, പ്രോജക്റ്റിന്റെ പേര്, ജില്ല എന്നിവ മലയാളത്തിൽ തയ്യാറാക്കി 2 കോപ്പി നൽകേണ്ടതാണ്. ജില്ലയിൽ നിന്നും തീം അവതരണത്തിനായി എത്തിച്ചേരുന്ന എല്ലാ പേരുടേയും പേര്, ഔദ്യോഗിക വിലാസം, ഫോൺ നമ്പർ എന്നിവ ലിസ്റ്റാക്കി കൊണ്ടുവരുകയും ആയത് C-Dit രജിസ്റ്ററിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യം പ്രോഗ്രാം ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.
- കേരളത്തിൽ ഉടനീളം സ്വീകാര്യമായ ഭാഷാപദങ്ങൾ പ്രീ-സ്കൂൾ അവതരണ വേളയിൽ നിർബന്ധമായും ഉൾപ്പെടുത്തുക. പ്രാദേശിക ഭാഷാ പദങ്ങൾ ഒഴിവാക്കുക. (ഉദാ: പപ്പായ, കപ്പളങ്ങ, ഓമയ്ക്ക etc.)
- കഥ, അവതരണത്തിനൊപ്പം ഗുണപാഠം എടുത്ത് പറയേണ്ടതില്ല. കുഞ്ഞുങ്ങൾ സ്വയം ഗുണപാഠം മനസ്സിലാക്കുവാനുള്ള തരത്തിൽ അവതരണം നടത്തേണ്ടതാണ്.

- പ്രീ-സ്കൂൾ അവതരണത്തിനായി തയ്യാറാക്കുന്ന എല്ലാ പ്രവർത്തനങ്ങളും ജില്ലാതല ECCE കോ-ഓർഡിനേഷൻ വിഭാഗം പൂർണ്ണമായും കണ്ട് വിലയിരുത്തൽ നടത്തി മികച്ച നിലവാരം ഉറപ്പാക്കി റെക്കോർഡിംഗിനായി കൊണ്ടുവരേണ്ടതാണ്.
- അവതരണ സമയത്ത് യഥാർത്ഥ വ്യക്തികളുടെ ഫോട്ടോകൾ, ചിത്രങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കുക (bio pictures).
- അവതരണത്തിനായി തയ്യാറാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ Teaching / Learning materials, Sounds, Time table എന്നിവയുടെ വീഡിയോ ക്ലിപ്പുകൾ rehersal ന് 2 ദിവസം മുൻപേ സ്റ്റേറ്റ് കോ-ഓർഡിനേഷൻ കമ്മിറ്റിയ്ക്ക് വാട്ട്സ് ആപ്പ് ഗ്രൂപ്പ് google drive മുഖേന അയച്ചു തരേണ്ടതാണ്.

Fw വനിത ശിശു വികസന ഡയറക്ടർ